# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 8, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി
പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

### മരുന്നുകൾക്കായി മലയാളി ചെലവിടുന്ന തുക

*211. ശ്രീ.പി.കെ.ബഷീർ
,, എം.ഉമ്മർ
,, കെ.എം.ഷാജി
,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ശരാശരിയുടെ നാലിരട്ടിയോളം തുകയാണ് മരുന്നുകൾക്കായി മലയാളി ചെലവിടുന്നതെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനിടയാക്കുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ജീവിതശൈലീരോഗങ്ങളുടെ ആധിക്യവും വർദ്ധിച്ച തോതിൽ മരുന്നുകൾ, പ്രത്യേകിച്ച് അലോപ്പതി മരുന്നുകൾ കഴിക്കാനുള്ള വ്യഗ്രതയും കൂടുന്ന സാഹചര്യത്തിൽ ആരോഗ്യനയത്തിലും സമീപനത്തിലും പുനർവിചിന്തനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

### പൈപ്പ് പൊട്ടി വെള്ളം നഷ്ടമാകാതിരിക്കാൻ നടപടി

*212. ശ്രീ.കെ.ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി.പി.മുഹമ്മദ്
,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൈപ്പുകൾ കാലോചിതമായും ഘട്ടംഘട്ടമായും മാറ്റി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൈപ്പ് പൊട്ടി വെള്ളം നഷ്ടമാകാതെ യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റ പണി നടത്തുന്നതിന് ടാസ്ക് ഫോഴ്സിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് 24x7 സമയം പ്രവർത്തിക്കുന്ന സംവിധാനമൊരുക്കുമോ ; ടോൾ ഫ്രീ നമ്പർ നൽകുമോ ?

"ഹില്ലി അക്വ"

*213. ശ്രീ.കെ.എൻ.എ.ഖാദർ
,, കെ.മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കുപ്പിവെള്ള സംരംഭമായ "ഹില്ലി അക്വ" യുടെ വിപണന സാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഉല്പാദനവും, വിപണനവും തമ്മിൽ അന്തരമുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) കുപ്പിവെള്ള വിപണിയിൽ ഹില്ലി അക്വയക്ക് അർഹമായ വിപണി ഉണ്ടാക്കി എടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രാഥമികാരോഗ്യ മേഖലയുടെ വികസനം

*214. പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ഡോ.കെ.ടി.ജലീൽ
ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ ബോർഡ് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാരം കേരളീയർ ചികിത്സിച്ച് ദരിദ്രരാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) സ്വകാര്യ മേഖലയെ അമിതമായി ആശ്രയിക്കാനിടയാക്കുന്ന സാഹചര്യം പരിഹരിക്കാൻ എന്തെങ്കിലും നടപടിയുണ്ടോ;

(സി) പ്രാഥമികാരോഗ്യ മേഖലയുടെ വികസനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ കാര്യങ്ങൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ബി.പി.എൽ. കാർഡുകാർക്കുള്ള ചികിൽസാ സഹായങ്ങൾ

T *215. ശ്രീ.തോമസ് ഉണ്ണിയാടൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കാർഡുകാർക്ക് നൽകിയിട്ടുള്ള ചികിൽസാ സഹായങ്ങൾ വിശദമാക്കാമോ ;

(ബി) ഭിന്നശേഷിക്കാർ, അംഗപരിമിതർ, പലതരം മാരകരോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർ എന്നിവർക്ക് എന്തെല്ലാം ചികിൽസാ സഹായങ്ങളാണ് നൽകിവരുന്നത് ;

(സി) പ്രസ്തുത വിഭാഗക്കാർക്കുകൂടി സൗജന്യ ചികിൽസ നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ചികിത്സാ സഹായ പദ്ധതികൾ</u>

*216. ശ്രീ.കെ.അജിത്

,, വി.എസ്.സുനിൽ കുമാർ

,, പി.തിലോത്തമൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തരം ചികിത്സാ സഹായ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളിൻ കീഴിൽ പ്രവർത്തിയ്ക്കുന്ന ഈ പദ്ധതികളെ സമഗ്രമായി സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആസൂത്രണ ബോർഡിന്റെ ആരോഗ്യ മേഖലാ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ആശുപത്രി വ്യവസായബന്ധ സമിതി</u>

*217. ശ്രീ.സാജു പോൾ

,, കെ.സുരേഷ് കുറുപ്പ്

,, ബി.ഡി. ദേവസ്സി

ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി വ്യവസായബന്ധ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സമിതിയുടെ ഘടന അറിയിക്കാമോ;

(സി) സമിതിയുടെ പ്രവർത്തന ഫലമായി ഏതൊക്കെ കാറ്റഗറി ജീവനക്കാരുടെ വേതനകാര്യത്തിൽ കരാറിലെത്താൻ കഴിഞ്ഞു;

(ഡി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു കഴിയാതെ പോയതിന്റെ കാരണം പരിശോധിച്ചിരുന്നോ; വ്യക്തമാക്കാമോ?

## പൊതുകുളങ്ങളുടെ നവീകരണം

*218. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, സി.മോയിൻ കുട്ടി

,, പി.ഉബൈദുള്ള

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പൊതുകുളങ്ങളുടെ നവീകരണത്തിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ടുപയോഗിച്ച് ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അവലോകന വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ; കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരം ആകെ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

## ടൂറിസം പദ്ധതിക്ക് കേന്ദ്ര സഹായം

*219. ശ്രീ.കെ.മുരളീധരൻ

,, വി.ഡി.സതീശൻ

,, പി.സി വിഷ്ണുനാഥ്

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ് കണക്കിലെടുത്ത് അധിക കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പിലാണ് മികവ് കാട്ടിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വിനോദ സഞ്ചാര മേഖലകൾക്കാണ് പദ്ധതി നടത്തിപ്പ് വഴി ഗുണം ലഭിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

## റിക്രൂട്ടിംഗ് സെന്ററുകൾ

*220. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ജെയിംസ് മാത്യു

,, എസ്.ശർമ്മ

ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ തട്ടിപ്പ് വ്യാപകമായിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) റിക്രൂട്ട്മെന്റ് സ്ഥാപനങ്ങൾ നടത്തുന്നതിനായുള്ള ലൈസൻസ് വ്യവസ്ഥകൾ എന്തൊക്കെയാണ്; ഇത്തരം സ്ഥാപനങ്ങളിൽ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകാത്തതിന്റെ കാരണം അറിയിക്കുമോ;

(സി) തൊഴിൽ വകുപ്പിന്റെ കീഴിൽ റിക്രൂട്ടിംഗ് സെന്ററുകൾ തുടങ്ങാനോ അല്ലെങ്കിൽ തൊഴിൽ വകുപ്പ് പരിശോധിച്ച് അംഗീകാരം നൽകുന്ന റിക്രൂട്ടിംഗ് ഏജൻസികളെ മാത്രം പ്രവർത്തിക്കാൻ അനുവദിക്കാനോ തയ്യാറാകുമോ?

## ഇക്കോ ടൂറിസം പദ്ധതി

T *221. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ

,, പി.എ.മാധവൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ;

(ഡി) ഇക്കോ ടൂറിസം പദ്ധതിക്കായി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

## ചുമട്ട് തൊഴിലാളികളുടെ തൊഴിൽ നഷ്ടം

*222. ശ്രീ.ടി.എൻ. പ്രതാപൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ആർ . സെൽവരാജ്

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ട് തൊഴിലാളികളുടെ തൊഴിൽ നഷ്ടവും അതിനുള്ള പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് പഠനം നടത്താൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം ശിപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം വിഷയങ്ങളാണ് കമ്മിറ്റി പഠനവിധേയമാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

<u>വിസ ഓൺ അറൈവൽ സംവിധാനം</u>

*223. ശ്രീ.വി.ഡി.സതീശൻ

,, എം.എ. വാഹീദ്

,, വർക്കല കഹാർ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ ഓൺ അറൈവൽ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) ടൂറിസം പ്രചാരണത്തിന് പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനകരമാകുമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനത്തിന് എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഭൂഗർഭജലം ഉപയോഗിച്ചുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ</u>

*224. ശ്രീ.സി.പി.മുഹമ്മദ്

,, ലൂഡി ലൂയിസ്

,, അൻവർ സാദത്ത്

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പുതിയ മദ്യനയവും വിനോദസഞ്ചാര മേഖലയും</u>

*225. ശ്രീ.എൻ. ഷംസുദ്ദീൻ

,, കെ.മുഹമ്മദുണ്ണി ഹാജി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ

ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം വിനോദസഞ്ചാര മേഖലയിൽ എന്തെങ്കിലും വിപരീതഫലങ്ങൾ ഉണ്ടാക്കുമോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിനോദസഞ്ചാര താല്പര്യത്തിന് മദ്യവുമായുള്ള ബന്ധത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ?

<u>ഉഷസ്സ് പദ്ധതി</u>

*226. ശ്രീ.എസ്.രാജേന്ദ്രൻ

,, എളമരം കരീം

,, എം. ഹംസ

,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്നവർക്കായി പ്രഖ്യാപിച്ച ഉഷസ്സ് പദ്ധതിയെ കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു ; ഇതുവരെ നടപ്പിലാക്കിയത് എന്തൊക്കെയായിരുന്നു ; അറിയിക്കുമോ ;

(സി) കേന്ദ്ര പദ്ധതിയായ ദേശീയ നഗര ആരോഗ്യ പദ്ധതിക്ക് പുറമേ സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണ് ; അതിനായി ചെലവഴിച്ച തുകയുടെ വിശദാംശം അറിയിക്കുമോ ?

<u>'ജൈക്ക' പദ്ധതികൾ കമ്മീഷൻ ചെയ്യാൻ നടപടി</u>

*227. ശ്രീ.വർക്കല കഹാർ

,, പി.എ.മാധവൻ

,, പാലോട് രവി

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജൈക്ക' പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾ ഇതിനു കീഴിൽ കമ്മീഷൻ ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>പണിമുടക്ക്</u>

*228. ശ്രീ.പി.കെ.ഗുരുദാസൻ

,, എളമരം കരീം

,, എ.കെ.ബാലൻ

,, കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള കേന്ദ്ര ട്രേഡ് യൂണിയനുകൾ സെപ്റ്റംബർ രണ്ടാം തീയതി ആഹ്വാനം ചെയ്തിരിക്കുന്ന പണിമുടക്കിന് ആധാരമായി ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതിയിലെ വ്യവസ്ഥകളോടുള്ള സർക്കാരിന്റെ നിലപാട് അറിയിക്കാമോ; അത് കേന്ദ്രത്തെ രേഖാമൂലം അറിയിക്കാൻ തയ്യാറാകുമോ;

(സി) ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ നിയമമായാൽ സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## എക്സ്റേ യൂണിറ്റുകളുടെ പ്രവർത്തനം

*229. ശ്രീ.കെ.എം.ഷാജി

,, പി.കെ.ബഷീർ

,, എം.ഉമ്മർ

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർദ്ദിഷ്ട സുരക്ഷാക്രമീകരണങ്ങളില്ലാത്ത എക്സ്റേ യൂണിറ്റുകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; അതുമൂലമുണ്ടാകാവുന്ന അപകടങ്ങളെ ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ടോ ;

(ബി) എക്സ്റേ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത യൂണിറ്റുകൾ മാനദണ്ഡം കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും സർക്കാർ സ്ഥാപനങ്ങളിലെ യൂണിറ്റുകളുടെ സുരക്ഷ ഉറപ്പാക്കാനും സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

## സ്പൈസസ്സ് റൂട്ട് പദ്ധതി

*230. ശ്രീ.എം.പി.വിൻസെന്റ്

,, ആർ . സെൽവരാജ്

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സ്പൈസസ്സ് റൂട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിനോദ സഞ്ചാര വികസനത്തിന് പ്രസ്തുത പദ്ധതി എത്രമാത്രം പ്രയോജനകരമാകുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ആരെല്ലാമാണ് പിന്തുണ നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കാൻ നടപടി

*231. ശ്രീ.ജി.സുധാകരൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ബാബു എം. പാലിശ്ശേരി

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ടൂറിസം വളർച്ചയ്ക്കുള്ള സാദ്ധ്യതയ്ക്ക് അനുസൃതമായി വകുപ്പിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കാനും നിലവിലെ പോരായ്മകൾ ഇല്ലാതാക്കാനും നടപടി സ്വീകരിക്കുമോ ;

(ബി) വിനോദസഞ്ചാര ഡയറക്ടറേറ്റിന്റെ കെടുകാര്യസ്ഥതയും പ്രൊഫഷണലിസത്തിന്റെ കുറവും ടൂറിസം വളർച്ചയെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധിക്കുമോ ;

(സി) നൂതനമായ ടൂറിസം ഉല്പന്നങ്ങൾ രൂപീകരിക്കുന്നത് പരിഗണിക്കുമോ ?

വൃക്കരോഗികൾക്ക് സാന്ത്വനം

*232. ശ്രീ.പി.ഉബൈദുള്ള

,, റ്റി.എ.അഹമ്മദ് കബീർ

,, സി.മോയിൻ കുട്ടി

,, സി.മമ്മൂട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗികൾ അനുഭവിക്കുന്ന ദുരിതം ലഘൂകരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കയാണെന്ന് വിശദമാക്കുമോ ;

(ബി) വൃക്കത്തകരാറുകൾ ഉണ്ടാകുന്നതിനുള്ള അടിസ്ഥാന കാരണങ്ങളെക്കുറിച്ച് പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ ; വൃക്കത്തകരാറുകൾ ഉണ്ടാകാതിരിക്കാൻ പ്രതിരോധ പ്രവർത്തനങ്ങൾ പ്രായോഗികമാണോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സൗജന്യ ഡയാലിസിസ് സംവിധാനമൊരുക്കുന്നതിൽ എത്രത്തോളം വിജയം കൈവരിക്കാനായി എന്നതിന്റെ വിശദാംശം നൽകാമോ ?

കടലാക്രമണ പ്രതിരോധപ്രവർത്തനങ്ങൾ

*233. ശ്രീ.ബാബു എം. പാലിശ്ശേരി

,, എം.എ.ബേബി

,, എ.എം. ആരിഫ്

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് വ്യാപകമായി നടക്കുന്ന കടലാക്രമണം തടയാനായി യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ കടൽഭിത്തി നിർമ്മാണം സംബന്ധിച്ച വിശദാംശം നല്കാമോ ;

(സി) കടലാക്രമണ പ്രതിരോധത്തിനായി കേന്ദ്രസഹായത്തോടെ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശവും പുരോഗതിയും വ്യക്തമാക്കാമോ ?

## ഇ. എസ്.ഐ. മെഡിക്കൽ കോളേജുകൾ

*234. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, വി.റ്റി.ബൽറാം

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

## പ്രാഥമിക ആരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപടി

*235. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.എം. ഹംസ

,, എ. പ്രദീപ്കുമാർ

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ ഘടനാപരമായ മാറ്റം പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ആരോഗ്യമേഖലയിൽ ഏതൊക്കെ രംഗത്താണ് പൊതു-സ്വകാര്യ പങ്കാളിത്തം (പി.പി.പി.) ഉദ്ദേശിക്കുന്നത് ; ഇത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ ;

(സി) സേവനത്തിന്റെ ഗുണനിലവാരത്തിനനുസരിച്ചുള്ള ഫീസ് ഈടാക്കണമെന്ന നിർദ്ദേശം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും മറ്റു പാവപ്പെട്ടവരേയും എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പാവപ്പെട്ടവരെ പ്രതികൂലമായി ബാധിക്കാത്ത വിധം കേന്ദ്ര സഹായത്തോടെയും അല്ലാതെയും പ്രാഥമിക ആരോഗ്യമേഖല ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

## കുപ്പിവെള്ളത്തിന്റെ നിലവാരനിർണ്ണയം

*236. ശ്രീ.രാജു എബ്രഹാം
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വിൽക്കുന്ന കുപ്പിവെള്ളവും സോഡയും 2001-ലെ Food Safety And Standards (Food Products Standards And Food Additives) Regulations ൽ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ളവയാണെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) അന്യസംസ്ഥാനത്തുനിന്നു കൊണ്ടുവരുന്നവയുൾപ്പെടെയുള്ള കുപ്പിവെള്ളം നിലവാര നിർണ്ണയം നടത്തിയതിനുശേഷമാണോ വിൽക്കാൻ അനുമതി നൽകിയിരിക്കുന്നത് ; നിലവാര നിർണ്ണയം നടത്തുന്നതിന് എന്തൊക്കെ സംവിധാനമാണുള്ളത് ;

(സി) പാക്കേജിംഗ് സ്ഥാപനങ്ങൾ പരിശോധിക്കാറുണ്ടോ ; എങ്കിൽ പരിശോധനാഫലം എന്തായിരുന്നെന്നും അതിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തുടർ നടപടികൾ എന്തെന്നും അറിയിക്കുമോ ;

(ഡി) പായ്ക്ക് ചെയ്തു വിൽക്കുന്ന കുടിവെള്ളത്തിന്റെയും സോഡയുടെയും വില നിർണ്ണയിച്ച് ചൂഷണം തടയാൻ നടപടി സ്വീകരിക്കുമോ ?

## സുരക്ഷിത ഭക്ഷണത്തെക്കുറിച്ചുള്ള ബോധവല്ക്കരണം

*237. ശ്രീ.എം.എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവല്ക്കരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഫുഡ് സേഫ്റ്റി ക്ലബുകൾ ആരംഭിച്ച് സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവല്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സുരക്ഷിത ഭക്ഷണം എന്ന വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുമോ?

<u>ബുദ്ധിമാന്ദ്യവും ഓട്ടിസവും ഉള്ള കുട്ടികൾക്കുവേണ്ടിയുള്ള ക്ലിനിക്കുകൾ</u>

*238. ശ്രീ.മുല്ലക്കര രത്നാകരൻ

,, പി.തിലോത്തമൻ

,, ചിറ്റയം ഗോപകുമാർ

,, ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യവും ഓട്ടിസവും ഉൾപ്പെടെയുള്ള രോഗങ്ങളുള്ള കുട്ടികൾക്കുവേണ്ടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം; എവിടെയെല്ലാം ;

(ബി) പ്രസ്തുത ക്ലിനിക്കുകളിൽക്കൂടി എന്തെല്ലാം സേവനങ്ങളാണ് ഇത്തരം കുട്ടികൾക്ക് നൽകിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

<u>ഇ - ഹെൽത്ത്</u>

*239. ശ്രീ.ആർ . സെൽവരാജ്

,, ഹൈബി ഈഡൻ

,, അൻവർ സാദത്ത്

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ - ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഇ - ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചുവോ ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണോ ; പദ്ധതി സംസ്ഥാനത്തിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമോ ;

(ഡി) പദ്ധതിയിൻ കീഴിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ; വിശദമാക്കുമോ?

<u>അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ</u>

*240. ശ്രീമതി.ഗീതാ ഗോപി

ശ്രീ.സി.ദിവാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ ദുരിതത്തിലാണെന്നുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് ജോലി സ്ഥിരത, മതിയായ വേതനം, ആരോഗ്യ സുരക്ഷ, തൊഴിൽ കാർഡ് തുടങ്ങിയവ നടപ്പാക്കണമെന്ന് പഠന റിപ്പോർട്ടുകൾ നിർദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇത് നടപ്പാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.